## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3475** — **12.12.2014-ലെ മറുപടിക്ക്**

### കാർഷിക വിപണികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുരളീധരൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. കെ.പി. മോഹനൻ<br>കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി. |
| **(എ)** കാർഷിക വിപണികളുടെ പ്രവർത്തനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | **(എ)** കാർഷിക വിപണികളുടെ പ്രവർത്തനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| **(ബി)** പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; | **(ബി)** സംസ്ഥാനത്തെ കർഷകർ അവരുടെ കാർഷിക ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനു വേണ്ടി, ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവായികൊണ്ട്, നേരിട്ട് ലേലം ചെയ്ത് മെച്ചപ്പെട്ട വില നേടിയെടുക്കുവാൻ അവസരം ഒരുക്കുക, കർഷകരെ ലേലത്തിൽ പങ്കെടുക്കുവാൻ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ട്രാൻസ്പോർട്ട് സബ്സിഡി നൽകുക, കാർഷിക വിപണികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ വിപണന സാദ്ധ്യതകൾ ഒരുക്കുക എന്നീ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്. |
| **(സി)** പ്രസ്തുത പദ്ധതി ഏതെല്ലാം മേഖലകളിലെ വിപണികളിൽ നടപ്പിലാക്കുന്നുണ്ടെന്ന് വിശദമാക്കുമോ; | **(സി)** കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ 6 കാർഷിക മൊത്ത വ്യാപാരവിപണികളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപും ജില്ലയിലെ ആനയറ, എറണാകളും ജില്ലയിലെ മരട്, കോഴിക്കോട് ജില്ലയിലെ വേങ്ങേരി എന്നീ മൂന്ന് നഗര കാർഷിക മൊത്ത വ്യാപാര വിപണികളിലും, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട്, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ, വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി എന്നീ മൂന്ന് ഗ്രാമീണ കാർഷിക മൊത്ത വ്യാപാര വിപണികളിലുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ സംസ്ഥാനത്ത് |

പ്രവർത്തിക്കുന്ന 5 ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളായ കൊല്ലം ജില്ലയിൽ കാളിയൻചന്ത, ആലപ്പുഴ ജില്ലയിൽ കോടംതുരുത്ത്, കോട്ടയം ജില്ലയിൽ കുറുപ്പൻതുറ, ഇടുക്കി ജില്ലയിൽ തൊടുപുഴ, തൃശൂർ ജില്ലയിൽ പവറട്ടി എന്നീ ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നു.

**(ഡി)** പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

**(ഡി)** 2014-15 സാമ്പത്തിക വർഷത്തിൽ മേൽ പറഞ്ഞിട്ടുള്ള കാർഷിക മൊത്ത വ്യാപാര വിപണികളുടേയും, ജില്ലാതല സംഭരണ വിപണന കേന്ദ്രങ്ങളുടേയും വികസനത്തിനും തുടർ പ്രവർത്തികൾക്കുമായി മാർക്കറ്റ് വികസന പദ്ധതിയിൽ 455 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

അണ്ടർ സെക്രട്ടറി.